KERAFED
കേരാഫെഡ്

**KERALA KERA KARSHAKA SAHAKARANA FEDERATION LTD NO.4370**
**(A Govt. of Kerala Enterprises)**

**KERAFED**
**Regional office (NZ)**
**Mannankavu,Naduvannur**
**Kozhikode-673614**
**ron@kerafed.com**

**KFD/NZ/ADM/2026/39** **01/08/2026**

## ക്വട്ടേഷൻ നോട്ടീസ്

### പച്ചത്തേങ്ങ കൊപ്രയാക്കി കേരാഫെഡ് പ്ലാന്റിൽ എത്തിക്കുന്നതിനും സംഭരണകേന്ദ്രത്തിൽ പച്ചത്തേങ്ങ കൈകാര്യം ചെയ്യുന്നതിനുമുള്ള ക്വട്ടേഷൻ

കേരാഫെഡിന്റെ പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് സംഭരണകേന്ദ്രങ്ങളിൽ സംഭരിക്കുന്ന പച്ചത്തേങ്ങ ഗുണനിലവാരം ഉറപ്പാക്കി, സ്വന്തം നിലയിൽ സംഭരണകേന്ദ്രത്തിൽ നിന്നും ശേഖരിച്ച പച്ചത്തേങ്ങ ഉണക്കി 30% റിക്കവറിയിൽ FAQ നിലവാരത്തിലുള്ള കൊപ്രയാക്കി കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ് നടുവണ്ണൂർ, കോഴിക്കോടെത്തിക്കുന്നതിനും, സംഭരണകേന്ദ്രത്തിൽ പച്ചത്തേങ്ങ കൈകാര്യം ചെയ്യുന്നതിനും (Handling) ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

സർക്കാർ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.
കൊപ്ര ഡ്രയർ സംവിധാനമുള്ള ഏജൻസികൾ, സഹകരണ സ്ഥാപനങ്ങൾ, FPO/FPC/കർഷക കൂട്ടായ്മകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ക്വട്ടേഷനിൽ പങ്കെടുക്കാവുന്നതാണ്.
കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും കർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചത്തേങ്ങ, ചെറുപുഴ പഞ്ചായത്തിൽ കേരാഫെഡ് നിഷ്കർഷിച്ചിട്ടുള്ള ഗോഡൗണുകളിൽ നിന്നും ശേഖരിച്ച് സംസ്കരിച്ച് കേരാഫെഡിന്റെ കോഴിക്കോട് പ്ലാന്റിൽ എത്തിക്കുന്നതിനും സംഭരണകേന്ദ്രത്തിലെ പച്ചത്തേങ്ങ കൈകാര്യം ചെയ്യുന്നതിനുമുള്ള പ്രവൃത്തിക്കായാണ് താഴെപ്പറയുന്ന നിരക്കിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നത്.

**താഴെപ്പറയുന്ന മാതൃകയിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.**

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 1 | ചെറുപുഴ പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും കർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചത്തേങ്ങ സംസ്കരിച്ച് കൊപ്രയാക്കി കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ, കോഴിക്കോട് എത്തിക്കുന്ന പ്രവൃത്തി | ₹ __________ / മെട്രിക് ടൺ കൊപ്ര |
| 2 | കൈകാര്യം ചെയ്യുന്നതിനുള്ള ചാർജ് | ₹ _________ / മെട്രിക് ടൺ പച്ചത്തേങ്ങ |

**നിബന്ധനകൾ**

1. കരാർ ലഭിക്കുന്ന ഏജൻസി 50 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ച് സംസ്കരിക്കുന്നതിനുള്ള ബാങ്ക് ഗ്യാരന്റിയായി ₹35,00,000/- നൽകേണ്ടതാണ്. 50 മെട്രിക് ടണ്ണിൽ കൂടുതൽ പച്ചത്തേങ്ങ സംഭരിച്ച് സംസ്കരിക്കുന്നതിന് ഓരോ 50 മെട്രിക് ടണ്ണിനും അധികമായി ₹35,00,000/- ബാങ്ക് ഗ്യാരന്റിയായി നൽകേണ്ടതാണ്.
2. ട്രാൻസ്പോർട്ടേഷൻ, ഉണക്കുകൂലി, ചണച്ചാക്ക്, കയറ്റിറക്ക് കൂലി എന്നിവ കരാറുകാരൻ വഹിക്കേണ്ടതാണ്. പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി കേരാഫെഡ് ഫാക്ടറിയിൽ എത്തിക്കുമ്പോഴുള്ള **ഇറക്ക് കൂലി മാത്രം** കേരാഫെഡ് വഹിക്കുന്നതാണ്.
3. പച്ചത്തേങ്ങ സംസ്കരണത്തിന് തടസ്സം നേരിടാത്തവിധം ആവശ്യമായ തൊഴിലാളികളെ ഉപയോഗിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി ജോലി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.
4. കരാറുകാരന്റെ ഉത്തരവാദിത്വക്കുറവ് മൂലം സംസ്കരണത്തിൽ കേരാഫെഡിന് കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ, അത് കരാറുകാരന്റെ വീഴ്ചയായി കണ്ട് അതിനുള്ള നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും കേരാഫെഡ് ഈടാക്കുന്നതായിരിക്കും.
5. പ്രസ്തുത കരാറിന്റെ കാലാവധി **ഒരു വർഷം** ആയിരിക്കും.

6. കരാറുകാരൻ സമർപ്പിക്കുന്ന ഓരോ ബില്ലിൽ നിന്നും **5% തുക കേരാഫെഡ് നിലനിൽപ്പ് തുകയായി** പിടിച്ചുവെക്കുന്നതാണ്. കരാർ അവസാനിക്കുന്ന മുറയ്ക്ക് ഈ തുക തിരികെ നൽകുന്നതായിരിക്കും. ഈ തുകയ്ക്ക് യാതൊരു പലിശയും നൽകുന്നതല്ല.
7. ചിരട്ട കരാറുകാർക്ക് ഉപയോഗിക്കാവുന്നതാണ്.
8. പ്രതിദിനം കുറഞ്ഞത് **20,000 നട്ട്സ്** സംസ്കരിക്കാനുള്ള ശേഷിയുള്ള സ്വന്തമായോ വാടകയ്ക്കോ ഉള്ള Dryer/Yard സംവിധാനമുള്ളവർക്ക് മാത്രമേ ടെൻഡറിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. ഇതുസംബന്ധിച്ച അനുബന്ധ രേഖകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടെൻഡർ നിരസിക്കുന്നതാണ്.
9. ടെൻഡർ കരസ്ഥമാക്കുന്ന ഏജൻസി നിർബന്ധമായും കേരാഫെഡുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
10. ചെറുപുഴയിൽ കേരാഫെഡ് ഏർപ്പെടുത്തിയ ഗോഡൗണിൽ കർഷകരിൽ നിന്നും സംഭരിച്ച പച്ചത്തേങ്ങ എല്ലാ പ്രവർത്തിദിവസങ്ങളിലും വൈകുന്നേരം സംസ്കരണകേന്ദ്രത്തിലേക്ക് മാറ്റേണ്ടതാണ്.
11. കേരാഫെഡിന്റെ ഗോഡൗണിൽ സംഭരിച്ച പച്ചത്തേങ്ങ **നാല് ദിവസത്തിനുള്ളിൽ (അവധി ദിവസങ്ങൾ ഉൾപ്പെടെ)** സംസ്കരണകേന്ദ്രത്തിലേക്ക് മാറ്റിയില്ലെങ്കിൽ, മൂപ്പെത്താത്തതോ കേടുപാടുകൾ വന്നതോ ആയ പച്ചത്തേങ്ങ ഉണ്ടെങ്കിൽ അത് നിരസിക്കുന്നതിനുള്ള അവകാശം കേരാഫെഡിനുണ്ടായിരിക്കുന്നതല്ല.
12. തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി കേരാഫെഡ് സംഭരണകേന്ദ്രത്തിൽ പച്ചത്തേങ്ങ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാനുള്ള പൂർണ്ണ ഉത്തരവാദിത്വം വഹിക്കേണ്ടതാണ്.
13. പച്ചത്തേങ്ങ സംസ്കരണവുമായി ബന്ധപ്പെട്ട് കേരാഫെഡിന്റെ നിർദ്ദേശങ്ങളും ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ടായിരിക്കണം പ്രവർത്തനം നടത്തേണ്ടത്.
14. ശേഖരിച്ച പച്ചത്തേങ്ങയുടെ അളവ്, സംസ്കരിച്ച പച്ചത്തേങ്ങയുടെ അളവ്, ഉൽപ്പാദിപ്പിച്ച കൊപ്രയുടെ അളവ്, കേരാഫെഡിന് വിതരണം ചെയ്ത കൊപ്രയുടെ അളവ് എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ആവശ്യപ്പെട്ട ഏത് സമയത്തും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.
15. കരാർ ഉടമ്പടിയിലെ നിബന്ധനകൾ പാലിക്കാത്ത പക്ഷം, ഏത് സമയത്തും കരാർ റദ്ദാക്കുന്നതിനുള്ള അവകാശം കേരാഫെഡിൽ നിക്ഷിപ്തമായിരിക്കും.

**ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള വിവരങ്ങൾ**

നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ **₹2,000/- EMD** സഹിതം (അതാത് ഏജൻസികളുടെ പേരിലായിരിക്കണം EMD സമർപ്പിക്കേണ്ടത്) **10/09/2026 ഉച്ചയ്ക്ക് 2.00 മണിക്ക് മുമ്പായി** താഴെപ്പറയുന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

**റീജിയണൽ മാനേജർ I/C**
റീജിയണൽ ഓഫീസ്, നോർത്ത് സോൺ
മന്ദൻകാവ്, നടുവണ്ണൂർ
കോഴിക്കോട് – 673614

നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

**Tender Opening Date: 10/09/2026, ഉച്ചയ്ക്ക് 2.30 മണി**

ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ യാതൊരു നിബന്ധനയും കൂടാതെ നിരസിക്കുന്നതിനോ ഉള്ള അവകാശം **കേരാഫെഡ് റീജിയണൽ മാനേജർ I/C-ൽ മാത്രം നിക്ഷിപ്തമായിരിക്കും.**

Regional Office (NZ) ★ Kerafed ★ Naduvannur, Kozhikode - 673614

**റീജിയണൽ മാനേജർ I/C**
**കേരാഫെഡ് – നോർത്ത് സോൺ**

Regional Manager (i/c)
Regional Office (North Zone)
Kozhikode Dt-673 614